അയോദ്ധ്യ ക്ഷേത്രത്തിൽ സ്ഫോടന പദ്ധതി: ഭീകരൻ പിടിയിൽ

ലക്നൗ: അയോദ്ധ്യ രാമക്ഷേത്രത്തിൽ ബോംബ് സ്ഫോടനത്തിന് പദ്ധതിയിട്ട ഭീകരൻ കർണാടകയിൽ അറസ്റ്റിൽ. ഉത്തർപ്രദേശ് സ്വദേശി സുഹൈലിനെ ഹരിഹരയിൽ നിന്നാണ് പിടികൂടിയത്. രാജ്യാന്തര ഭീകര ശൃംഖലയുമായി ബന്ധമുണ്ടെന്നാണ് ഏജൻസികളുടെ നിഗമനം. മൊബൈൽ ഫോണുകളും നിർണായക രേഖകളും പിടിച്ചെടുത്തു. പെയിന്ററായി ജോലി ചെയ്യുകയായിരുന്നു.

അയോദ്ധ്യ ക്ഷേത്രം: ചമ്പത് റായ് അടക്കം 17 പേർ പ്രതികളാകും

ന്യൂഡൽഹി: അയോദ്ധ്യ രാമക്ഷേത്രത്തിലെ അഴിമതി ആരോപണത്തിൽ ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ് അടക്കം 17 പേർ പ്രതികളായേക്കും. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്ന നടപടികളിലേക്ക് എസ്.ഐ.ടി കടന്നു. ഇടക്കാല റിപ്പോർട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും പരിശോധിച്ചു. പണവും സ്വർണം, വജ്രം, വെള്ളി ആഭരണങ്ങളും ഉൾപ്പെടെ അടിച്ചുമാറ്റിയ രീതി എസ്.ഐ.ടി റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. ട്രസ്റ്റ് പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം മോദിയുടെ സജീവ പരിഗണനയിലാണ്. കോടിക്കണക്കിന് ഭക്തർക്ക് വേദനയുണ്ടാക്കിയ സംഭവത്തിൽ കടുത്ത നടപടിയുണ്ടായേക്കും. ഉടൻ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്ന് വി.എച്ച്.പി ദേശീയ അദ്ധ്യക്ഷൻ അലോക് കുമാർ ആവശ്യപ്പെട്ടു.

റഫാൽ: പാക് വാദം പൊളിഞ്ഞു

ന്യൂഡൽഹി: ഫ്രാൻസിൽ നിന്ന് ലഭിച്ച 36 റഫാൽ വിമാനങ്ങളുടെയും അറ്റകുറ്റപ്പണിക്ക് കരാർ ക്ഷണിക്കുന്ന നാവിക സേനാ രേഖകൾ പുറത്തുവന്നതോടെ ഓപ്പറേഷൻ സിന്ദൂറിനിടെ വിമാനം വെടിവച്ചിട്ടെന്ന പാകിസ്ഥാന്റെ അവകാശവാദം പൊളിഞ്ഞു. പാക് വാദം സേന നേരത്തെ തള്ളിയതാണ്. റഫാലിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ട വിഭാഗം നാവിക സേനാ ആസ്ഥാനത്തേക്ക് അയച്ച രേഖയാണ് വന്നത്.

സുവേന്ദുവിനെ പ്രശംസിച്ച് മഹുവ

കൊൽക്കത്ത: കൂറുമാറ്റങ്ങളിൽ മമതാബാനർജിയുടെ തൃണമൂൽകോൺഗ്രസ് വിറച്ചുനിൽക്കുന്നതിനിടെ പുതിയ രാഷ്ട്രീയ ചർച്ചയ്ക്ക് വഴി തുറന്ന് മഹുവ മൊയ്ത്ര എം.പി. മമതാ ബാനർജിയുടെ വിശ്വസ്തയായ മഹുവ ബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരിയെ പ്രശംസിച്ചതാണ് വാർത്തയായത്. വ്യക്തിപരമായി സുവേന്ദു അധികാരിയുമായി തനിക്ക് വളരെ നല്ല ബന്ധമാണുള്ളതെന്നും ഒന്നിച്ച് പ്രവർത്തിച്ചിരുന്ന കാലത്ത് അദ്ദേഹം തന്നെ ഒരുപാട് സഹായിച്ചിട്ടുണ്ടെന്നും മഹുവ ഒരു അഭിമുഖത്തിൽ പറഞ്ഞു.

മുംബയിൽ കനത്ത മഴയിൽ റോഡിൽ വെള്ളക്കെട്ടുണ്ടായതോടെ കുടുങ്ങിയ വാഹനങ്ങൾ നീക്കാൻ സഹായിക്കുന്ന പൊലീസ്

മഴയിൽ മുങ്ങി മുംബയ്

■ അരുണാചലിലും സിക്കിമിലും മഴക്കെടുതി

മുംബയ്: കഴിഞ്ഞ ദിവസം മുതൽ പെയ്യുന്ന അതിതീവ്ര മഴയിൽ മുങ്ങി മുംബയ്. പല മേഖലകളിലും ജനജീവിതം താറുമാറായി. റോഡുകളിൽ വെള്ളക്കെട്ടുണ്ടായി. ഗതാഗത തടസവും മരങ്ങൾ വീണുള്ള നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തു. ചൊവ്വാഴ്ച രാത്രി മാത്രം 200 മില്ലിമീറ്ററിലധികം മഴ പെയ്തു. ഇന്നലെ നഗരത്തിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരുന്നു. ഇടിമിന്നലോടുകൂടിയ കനത്ത മഴയ്ക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. വരും ദിവസങ്ങളിലും മഴ തുടരാൻ സാദ്ധ്യതയുണ്ടെന്നും അതീവ ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു. മാലിന്യം നീക്കം ചെയ്യുന്നതിനിടെ സിയോണിലെ ഗാന്ധി മാർക്കറ്റിൽ ശുചീകരണ തൊഴിലാളി ഓടയിൽ വീണത് വൻ പ്രതിഷേധത്തിനിടയാക്കി. കനത്ത മഴയെ തുടർന്ന് അസാമിലും അരുണാചൽ പ്രദേശിലും വെള്ളപ്പൊക്കമുണ്ടായി. അരുണാചലിൽ പാലം ഒലിച്ചുപോയി. മൂന്ന് പേരെ കാണാനില്ലെന്നാണ് റിപ്പോർട്ട്. 18 കെട്ടിടങ്ങൾ തകർന്നു. അസാമിൽ അതീവ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാസ്പോർട്ട് പൗരത്വ രേഖയല്ല

ന്യൂഡൽഹി: ഇന്ത്യൻ പൗരന്മാർക്ക് മാത്രമാണ് നൽകുന്നതെങ്കിലും പാസ്പോർട്ട് പൗരത്വം തെളിയിക്കുന്നതിനുള്ള രേഖയല്ലെന്ന് വിദേശകാര്യ മന്ത്രാലയം. അന്താരാഷ്ട്ര യാത്ര സുഗമമാക്കുന്നതിന് സർക്കാർ നൽകുന്ന യാത്രാ രേഖയാണ് പാസ്പോർട്ട് എന്നും വിദേശകാര്യ മന്ത്രാലയം വിശദീകരിച്ചു. ആഗോള സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനും തട്ടിപ്പ് തടയാനും ലക്ഷ്യമിട്ട് ബയോമെട്രിക് ഡാറ്റ അടങ്ങിയ പുതിയ ചിപ്പ് അധിഷ്ഠിത ഇ-പാസ്പോർട്ടുകൾ, വ്യാപകമാക്കുമെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം 14.7 ദശലക്ഷം ഇ-പാസ്പോർട്ടുകൾ നൽകി. എല്ലാ പുതിയ പാസ്പോർട്ടുകളും നിലവിൽ ചിപ്പ് അധിഷ്ഠിത പാസ്പോർട്ടുകളാണ്.

കൊൽക്കത്തയിൽ കെട്ടിടം തകർന്നുവീണ് 5 മരണം

കൊൽക്കത്ത: നിർമ്മാണത്തിലിരുന്ന സംഭരണകേന്ദ്രത്തിന്റെ മേൽക്കൂര തകർന്നുവീണ്കൊൽക്കത്തയിൽ അഞ്ച്മരണം. തൊഴിലാളികളാണ് മരിച്ചത്. 20 പേർക്ക് പരിക്കേറ്റു. 18 പേർ ചികിത്സയിലാണ്. താരതല പ്രദേശത്ത് ഇന്നലെ ഉച്ചയ്ക്ക് 12.30 ഓടെയാണ് സംഭവം. നിർമ്മാണ ജോലികൾ നടക്കുന്നതിനിടെയാണ് അപകടമുണ്ടായത്. മൂന്ന് നില കെട്ടിടമായിരുന്നു. പ്രദേശവാസികളാണ് ആദ്യം രക്ഷാപ്രവർത്തനം നടത്തിയത്. പശ്ചിമബംഗാൾ മുഖ്യമന്ത്രി സുവേന്ദു അധികാരി അന്വേഷണം പ്രഖ്യാപിച്ചു.

കെട്ടിടം തകർന്നുവീണയിടത്ത് നടന്ന രക്ഷാപ്രവർത്തനം

മദ്ധ്യപ്രദേശിൽ ആളിക്കത്തി വിവാദം
മുഖ്യമന്ത്രിയും കുടുംബവും വാങ്ങിക്കൂട്ടിയത് 168 ഏക്കർ

ന്യൂഡൽഹി: മദ്ധ്യപ്രദേശിൽ ആളിക്കത്തി മുഖ്യമന്ത്രി മോഹൻ യാദവിനും കുടുംബത്തിനുമെതിരെയുള്ള ഭൂമി കുംഭകോണ ആരോപണം. ഉജ്ജയിനിലെ നഗര-റോഡ് വികസനത്തിന് നിശ്ചയിച്ചിരിക്കുന്ന മേഖലകളിൽ 137 പ്ലോട്ടുകൾ വാങ്ങിയെന്നാണ് ആരോപണം.

45 കോടി രൂപ വിലവരുന്ന 168 ഏക്കറോളം വരുമിത്. ഭാര്യ സീമ, മകൻ വൈഭവിന്റെ ഭാര്യ ശാലിനി യാദവ്, സഹോദരന്മാരായ നന്ദ്‌ലാൽ, നാരായൺ യാദവ്, നാരായണിന്റെ ഭാര്യ രേഖ, അവരുടെ മകൻ അഭയ് യാദവ് തുടങ്ങിയവരുടെ പേരിലും കുടുംബത്തിന്റെ നാല് റിയൽ എസ്റ്റേറ്റ് കമ്പനികളുടെ പേരിലുമാണിത്.

2023 ഡിസംബർ 13ന് മുഖ്യമന്ത്രിയായി ചുമതലയേറ്റതിനുശേഷം നടന്ന ഭൂമിയിടപാടാണെന്ന് ഒരു ഇംഗ്ലീഷ് ദിനപത്രമാണ് കഴിഞ്ഞദിവസം റിപ്പോർട്ട് ചെയ്തത്. 2013 മുതൽ ഉജ്ജയിൻ (സൗത്ത്) എം.എൽ.എയാണ് മോഹൻ യാദവ്. 2035ഓടെ ഉജ്ജയിൻ നഗരത്തിന്റെ മുഖഛായ തന്നെ മാറ്റുകയെന്ന ലക്ഷ്യത്തോടെ മാസ്റ്റർ പ്ലാൻ പ്രഖ്യാപിച്ചിരുന്നു. കൃഷിഭൂമി, വാണിജ്യ-റെസിഡൻഷ്യൽ ഭൂമിയായി മാറ്റാനും തീരുമാനിച്ചിരുന്നു.

2021-23ൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന സമയത്ത് കുടുംബം 85 ഏക്കർ ഉജ്ജയിനിൽ വാങ്ങിയെന്നും റിപ്പോർട്ടുകളുണ്ട്.

മോഹൻ യാദവ്

അടിസ്ഥാനരഹിതം: ബി.ജെ.പി

പുകമറയുണ്ടാക്കാനാണ് പ്രതിപക്ഷ പാർട്ടികൾ ശ്രമിക്കുന്നതെന്ന് ബി.ജെ.പി പ്രതികരിച്ചു. ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. പിന്നാക്കവിഭാഗത്തിൽ നിന്നുയർന്നുവന്ന നേതാവിനെ ദുർബലപ്പെടുത്താനാണ് ശ്രമമെന്നും പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ ഹേമന്ത് ഖൻഡേൽവാൾ പറഞ്ഞു.

അന്വേഷണം വേണം: കോൺ.

സുപ്രീംകോടതി സിറ്റിംഗ് ജഡ്ജിയുടെ മേൽനോട്ടത്തിൽ സമഗ്ര അന്വേഷണമുണ്ടാകണമെന്ന് കോൺഗ്രസ് ആവശ്യപ്പെട്ടു. 2028ൽ ഉജ്ജയിനിൽ കുംഭമേള നിശ്ചയിച്ചിരിക്കുകയാണ്. ആ മേഖലയിലാണ് ഭൂമി വാങ്ങിയിരിക്കുന്നതെന്ന് കോൺഗ്രസ് നേതാവ് പവൻ ഖേര ആരോപിച്ചു. അയോദ്ധ്യയിലെപോലെ ഭക്തരെ കൊള്ളയടിക്കാനാണ് ശ്രമമെന്നും പറഞ്ഞു.

ട്രംപിന് കടിഞ്ഞാണിട്ട് സെനറ്റ്
ഇറാനിലെ സൈനിക നടപടി നിറുത്തണം

വാഷിംഗ്ടൺ: ഇറാൻ വിഷയത്തിൽ യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് കടിഞ്ഞാണിട്ട് യു.എസ് സെനറ്റ്. ഇറാനിലെ സൈനിക ഇടപെടൽ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം സെനറ്റ് പാസാക്കി. ഇതോടെ സൈനിക ഇടപെടലുകൾക്ക് ട്രംപിന് ഇനി കോൺഗ്രസിന്റെ അനുമതി കൂടി നേടേണ്ടിവരും. 50 വോട്ടുകൾക്കാണ് പ്രമേയം പാസാക്കിയത്. നേരത്തെ പ്രതിനിധിസഭയിലും ട്രംപിനെതിരെയുള്ള പ്രമേയം പാസായിരുന്നു. റിപ്പബ്ലിക്കൻ പാർട്ടിക്ക് ഭൂരിപക്ഷമുള്ള സെനറ്റിൽ, പാർട്ടിയിലെ നാല് പേർ പ്രമേയത്തെ അനുകൂലിച്ചത് ശ്രദ്ധേയമായി. സെനറ്റിന്റെ വോട്ടെടുപ്പ് അർത്ഥശൂന്യമാണെന്നും ശത്രുവിനെ സഹായിക്കുന്നതാണെന്നും ട്രംപ് പ്രതികരിച്ചു. അതേസമയം പ്രമേയത്തിന് നിയമപരമായ പ്രാബല്യം ലഭിക്കുമോ എന്നത് സംശയമാണ്. ട്രംപ് പ്രമേയത്തെ വീറ്റോ ചെയ്യും. എന്നാലും രാഷ്ട്രീയപരമായി ട്രംപിനിത് വലിയ തിരിച്ചടിയായിട്ടാണ് നിരീക്ഷകർ വിലയിരുത്തുന്നത്.

വോട്ടെടുപ്പ് അർത്ഥശൂന്യം എന്ന് ട്രംപ്

ഹോർമുസിൽ ടോൾ വരില്ല

ഹോർമുസ് കടലിടുക്കിലൂടെ കടക്കുന്ന കപ്പലുകൾക്ക് ഇറാൻ ടോൾ ഈടാക്കില്ലെന്ന് ട്രംപ്. കൂടാതെ ഇറാനുമായുള്ള ചർച്ചകൾ അടുത്ത ആഴ്ച പുനരാരംഭിക്കുമെന്നും വ്യക്തമാക്കി. അതേസമയം, ആണവ പരിശോധനക്കായി അന്താരാഷ്ട്ര ആണവ ഊർജ്ജ ഏജൻസി ഇൻസ്പെക്ടർമാർക്ക് അനുമതി നൽകിയെന്ന ട്രംപിന്റെ അവകാശവാദം ഇറാൻ തള്ളി.

തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് ലിമിറ്റഡ്
ചാവക്കാട് ശാഖ
ഗ്രൗണ്ട് ഫ്ലോർ, D.No XXII/1007 A, CEE CEE ടവർ, നൈസ് ബസാർ, ചാവക്കാട് - 680 506, Ph: 0487-2507100, 85472 32347, email: chavakkad@tmbank.in
TMB Tamilnad Mercantile Bank Ltd Be a step ahead in life
CIN :L65110TN1921PLC001908

അനുബന്ധം IV-A (നിബന്ധനത്തിന്റെ റൂൾ 8(6) & 9 (1) പ്രകാരം)

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002- ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002- ലെ റൂൾ പ്രൊവിസോ 8(6) & 9(1) പ്രകാരമുള്ള സ്ഥാവര വസ്തുവിന്റെ ലേല വിൽപ്പന നോട്ടീസ്.

ചുവടെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവകകളെ സെക്യൂരഡ് ക്രെഡിറ്ററിന് പണയപ്പെടുത്തിയിട്ടുള്ളതും തമിഴ്നാട് മെർക്കന്റൈൽ ബാങ്ക്, **ചാവക്കാട്** ശാഖയിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ (സെക്യൂരഡ് ക്രെഡിറ്റർ) **ക്രിയാത്മകമായി കൈവശപ്പെടുത്തിയിട്ടുള്ളതും** തമിഴ്നാട് മെർക്കന്റൈൽ ബാങ്ക്, ചാവക്കാട് ശാഖയ്ക്ക് **18. 06. 2026** വരെ കിട്ടാനുള്ള **Rs.23,35,297.90 (Overdraft-Rs.19,03,308.38 + Expense – Rs.4,31,989.52)** (ഇരുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ഏഴ് രൂപ തൊണ്ണൂറ് പൈസ) യും തുടർന്നുള്ള പലിശയും മറ്റു ചിലവുകളും ഈടാക്കി കിട്ടുന്നതിലേക്കായി വിൽപ്പന നടത്തുന്നതും ടി വിൽപ്പന "ഇപ്പോൾ എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ" എന്നതിന്റെ വ്യവസ്ഥയിൽ **16. 07. 2026 ഉച്ചക്ക് 03. 00 മണിയ്ക്ക്** തമിഴ്നാട് മെർക്കന്റൈൽ ബാങ്കിന്റെ ചാവക്കാട് ശാഖയിൽ വച്ച് ലേലം മുഖേന വിൽപ്പനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന വിവരം **വായ്പക്കാർ: M/s ഫോർവേഡ് ഡിസ്ട്രിബ്യൂട്ടേഴ്സ്**, ഡോർ നമ്പർ 1- 41 A, അയോധ്യ നഗർ, ബേബി റോഡ്, തിരുവത്ര, തൃശൂർ 680516., **ജാമ്യക്കാരി: ശ്രീമതി. എസ്. ഫരിജ**, W/o ശ്രീ. ഷജീർ, തയ്യിൽ പുത്തൻ, കടപ്പുറം, തിരുവത്ര പി.ഒ., തൃശൂർ 680516. **ജാമ്യക്കാരൻ/പണയക്കാരൻ: ശ്രീ. അഷറഫ്**, S/o ശ്രീ.കോയമോൻ, ചദീരകത്ത്, ആറാംകല്ല്, എടക്കഴിയൂർ, തൃശൂർ - 680 515. കരുതൽ വില : **33,90,000. 00 രൂപ (മുപ്പത്തി മൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ)** നിരതദ്രവ്യം **3,39,000. 00 രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരം രൂപ)**

(അറിയപ്പെടുന്ന ബാധ്യതകൾ ഉൾപ്പെടെയുള്ള സ്ഥാവര വസ്തുവിന്റെ വിശദ വിവരങ്ങൾ)
ശ്രീ. അഷറഫിന്റെ പേരിൽ തൃശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ പുന്നയൂർ പഞ്ചായത്തിലെ എടക്കഴിയൂർ വില്ലേജിലെ എടക്കഴിയൂർ ദേശത്തിലെ റീ സർവ്വെ നമ്പർ 25/1 ൽ പെട്ട 8.27 സെന്റ് (3.35 ആർസ്) സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിവും മറ്റുചമയങ്ങളും. **അതിരുകൾ: കിഴക്ക്**: റുബീന കബീറിന്റെ ഉടമസ്ഥതയിലുള്ള വസ്തു, **തെക്ക്**: മുഹമ്മദ് അലി വക വസ്തു, **പടിഞ്ഞാറ്**: പരേതനായ കുഞ്ഞുമുഹമ്മദ്, യൂസഫ് എന്നിവരുടെ വസ്തു, **വടക്ക്**: സ്യാരാ റോഡ്
കുറിപ്പ്: മുകളിൽ പറഞ്ഞ വസ്തു ശ്രീ. അഷറഫിന്റെ പേരിലുള്ള അക്കൗണ്ട് നമ്പർ 413700950100002 ൽ ഉള്ള 15.00 ലക്ഷം രൂപയുടെ ടേം ലോണിന് (ഹോം ലോൺ) പൊതുവായ ഈടാണ്, ബാക്കി തുക 14,04,142.07 രൂപയാണ്.

അറ്റാച്ച്മെന്റ്:
1. M/s. മലയാളം ബെനിഫിറ്റ് ഫണ്ട് ഫയൽ ചെയ്ത EP No. 1003/2020 ലെ EA No 2/2020 ലെ DLP No. 5275/2019 ലെ കേസിൽ ചാവക്കാട് മുൻസിഫ് കോടതി സമർപ്പിച്ച ഒരു അറ്റാച്ച്മെന്റ് ഉണ്ട്.
2. M/s. ജെ എം ജെ ഫിനാൻസ് പൂത്തോൾ ഫയൽ ചെയ്ത കേസ് നമ്പർ 389/2020 ൽ ആർബിട്രൽ ട്രൈബ്യൂണൽ തൃശൂർ നടത്തിയ ഒരു അറ്റാച്ച്മെന്റ് ഉണ്ട്.
3. M/s. എൻ ടി സി നീതി ലിമിറ്റഡ് ഫയൽ ചെയ്ത IA.No. 21/2019 ലെ ACNTC No. 21/2019 ലെ ആർബിട്രൽ ട്രൈബ്യൂണൽ തൃശൂർ നടത്തിയ ഒരു അറ്റാച്ച്മെന്റ് ഉണ്ട്.

സ്ഥലം : ചാവക്കാട്
തീയതി : 22. 06. 2026
(ഒപ്പ്), അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് ലിമിറ്റഡ്, ചാവക്കാട് ശാഖ

ജമ്മുകാശ്മീർ ഇന്ത്യയുടെ മാത്രം
യു.എന്നിൽ പാകിസ്ഥാന് മറുപടി

ന്യൂയോർക്ക്: ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ സമിതി യോഗത്തിൽ പാകിസ്ഥാൻ നടത്തിയ പരാമർശങ്ങൾക്കെതിരെ ഇന്ത്യ. അന്താരാഷ്ട്ര വേദികളെ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗിക്കാൻ ശ്രമിക്കുകയാണെന്ന് യു.എന്നിലെ ഇന്ത്യൻ പ്രതിനിധി ഹരീഷ് പർവനേനി കുറ്റപ്പെടുത്തി. ജമ്മുകാശ്മീർ ഇന്ത്യയുടെ അവിഭാജ്യവും ആഭ്യന്തരവുമായ വിഷയമാണ്. നിഷ്പക്ഷമായി പെരുമാറേണ്ട സഹഅദ്ധ്യക്ഷൻ ഫോറത്തെ രാഷ്ട്രീയവത്കരിക്കാൻ തീരുമാനിച്ചത് അവിശ്വസനീയമാണ്. കാശ്മീർ അന്നും ഇന്നും എന്നും ഇന്ത്യയുടേത് മാത്രമാണെന്നും കൂട്ടിച്ചേർത്തു.

നീറ്റ് പുനഃപരീക്ഷ മികച്ച രീതിയിൽ നടത്തി: മോദി

ന്യൂഡൽഹി: നീറ്റ് യു.ജി പുനഃപരീക്ഷ മികച്ച രീതിയിൽ നടത്തിയെന്ന് കേന്ദ്ര ക്യാബിനറ്റ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രസർക്കാരിന്റെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണിത്. കേന്ദ്രമന്ത്രിമാരെയും മന്ത്രാലയങ്ങളെയും ഉദ്യോഗസ്ഥരെയും സുരക്ഷാ ഏജൻസികളെയും അടക്കം മോദി അഭിനന്ദിച്ചു. ഭരണതലത്തിൽ വെല്ലുവിളി ഉയരുന്ന മറ്റു വിഷയങ്ങളിലും ഇതേ മാതൃക പിന്തുടരണമെന്ന് മന്ത്രിസഭാംഗങ്ങളോട് അഭ്യർത്ഥിച്ചു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ നീറ്റ് പരീക്ഷ നടത്തിപ്പിന്റെ വിശദാംശങ്ങൾ മന്ത്രിസഭാ യോഗത്തിൽ വിശദീകരിച്ചു.

ബ്രിക്സിന് ആഗോള വെല്ലുവിളികൾ നേരിടാനാകുമെന്ന് മോദി

ന്യൂഡൽഹി: ബ്രിക്സ് രാജ്യങ്ങളുടെ കൂട്ടായ്മയ്ക്ക് ഇന്നത്തെ ആഗോള സുരക്ഷാ വെല്ലുവിളികളെ നേരിടാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബ്രിക്സ് രാജ്യങ്ങളിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാക്കളും മുതിർന്ന സുരക്ഷാ ഉദ്യോഗസ്ഥരുമായും നടത്തിയ കൂടിക്കാഴ്ചയിലാണ് ഇക്കാര്യം പറഞ്ഞത്. വർദ്ധിച്ചുവരുന്ന രാഷ്ട്രീയ അനിശ്ചിതത്വം, ഭീകരത, സൈബർ സുരക്ഷ, അപകട സാദ്ധ്യതയുള്ള പുതിയ സാങ്കേതികവിദ്യകൾ തുടങ്ങിയ ഭീഷണികളെക്കുറിച്ച് മോദി ചർച്ച ചെയ്തു.

സഹകരണം വർദ്ധിപ്പിക്കാനും ദൗർബല്യങ്ങൾ പരിഹരിക്കാനും അംഗരാജ്യങ്ങളായ ബ്രസീൽ, ചൈന, ഈജിപ്ത്, എത്യോപ്യ, ഇന്തോനേഷ്യ, ഇറാൻ, റഷ്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, യു.എ.ഇ എന്നിവയോട് മോദി ആഹ്വാനം ചെയ്തു.

പ്രായോഗിക സഹകരണം മുന്നോട്ട് കൊണ്ടുപോകാനും വികസിത രാജ്യങ്ങളുടെ മുൻഗണനകളെ പിന്തുണയ്ക്കാനും എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ലോകത്തിന് സംഭാവന നൽകാനും ബ്രിക്സിന് അദ്ധ്യക്ഷത വഹിക്കുന്ന ഇന്ത്യ ശ്രമിക്കുമെന്ന് ഉറപ്പും നൽകി. ബ്രസീൽ രാഷ്ട്രീയ കാര്യ സെക്രട്ടറി കാർലോസ് മാർസിയോ ബികാൽഹോ കൊസെൻഡെ, റഷ്യൻ സുരക്ഷാ കൗൺസിൽ സെക്രട്ടറി സെർജി ഷോയിഗു, ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി, ദക്ഷിണാഫ്രിക്കൻ പ്രസിഡൻസി മന്ത്രി ഖംബുഡ്സോ നത്ഷാവേനി, യു.എ.ഇ സുപ്രീം കൗൺസിൽ ഫോർ നാഷണൽ സെക്യൂരിറ്റി സെക്രട്ടറി ജനറൽ അലി മുഹമ്മദ് ഹമ്മദ് അൽ ഷംസി എന്നിവരാണ് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ചനടത്തിയത്.

ധാരണകൾ നടപ്പാക്കും: വാങ് യി

ഇരു രാജ്യങ്ങൾക്കിടയിലുണ്ടാക്കിയ ധാരണകൾ നടപ്പാക്കാൻ പ്രതിബദ്ധമെന്ന് ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യി മോദിയുമായുള്ള കൂടിക്കാഴ്ചയിൽ അറിയിച്ചു. മോദിയും ചൈനീസ് പ്രസിഡന്റ് ഷീ ജിൻപിംഗും തമ്മിലുണ്ടാക്കിയ ധാരണകൾ നടപ്പിലാക്കുന്നതിനുള്ള സഹകരണം ഉറപ്പാക്കുമെന്നും പറഞ്ഞു.

ആധാരം നഷ്ടപ്പെട്ടു
തലപ്പിള്ളി താലൂക്ക് മുണ്ടത്തിക്കോട് വില്ലേജിൽ സർവ്വെ 611/3 (റി സർവ്വെ 38/54) വഹകളുടെ ആധാരമായ വ.സ.റ 1976 ലെ 670-ാം നമ്പ്രാധാരം എന്റെ കയ്യിൽ നിന്നും കൈമോശം വന്ന് പോയിട്ടുള്ളതാകുന്നു. ടി ആധാരപ്രകാരമുള്ള വഹകൾ വ.സ.റ 2012 ൽ 1231-ാം നമ്പ്രാധാരപ്രകാരം ഞാനും എന്റെ അമ്മയും വാങ്ങിയിട്ടുള്ളതാകുന്നു. വ.സ.റ 1976 ലെ 67-ാം നമ്പ്രാധാരം ലഭിക്കുന്നവർ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. മേൽപറഞ്ഞ വഹകൾ ഞാൻ തീറ്റവിൽക്കുവാൻ തീരുമാനിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ മേൽ നമ്പ്ര നഷ്ടപ്പെട്ട ആധാരം വെച്ച് ആരെങ്കിലും എന്തെങ്കിലും പ്രവർത്തിച്ചാൽ ആയത് എനിക്ക് ബാധകമല്ലാത്തതും യാതൊരു നിയമസാധുതയും ഇല്ലാത്തതുമാകുന്നു. ആയതിന് ആർക്കെങ്കിലും, എന്തെങ്കിലും ആക്ഷേപങ്ങളോ, തർക്കങ്ങളോ ഉണ്ടെങ്കിൽ ആയത് ഇന്നു മുതൽ ഏഴ് ദിവസത്തിനുള്ളിൽ എന്നെ രേഖാമൂലം അറിയിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം ടി ആധാരപ്രകാരമുള്ള വസ്തു വഹകൾ കൈമാറ്റം ചെയ്യുകയും, ബാദ്ധ്യതപെടുത്തി വായ്പ എടുക്കുകയും ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
എന്ന്, നാരായണൻകുട്ടി. വി
വെള്ളത്തേടത്ത് ഹൗസ്
മുണ്ടത്തിക്കോട് പി.ഒ 680623
ഫോൺ: 9645648300

നഷ്ടപ്പെട്ടു
എനിക്ക് കോടാലി രജിസ്റ്റ് 1-ാം പുസ്തകം 407-ാം വാളിയം 209 മുതൽ 211 വരെ വശങ്ങളിൽ 1996 ലെ 2445-ാം നമ്പറാധാരപ്രകാരം സിദ്ധിച്ച മറ്റത്തൂർ വില്ലേജിൽ സർവ്വെ 1116 ൽ 1.21 ആർസ് വകകളെ സംബന്ധിച്ച മേൽനമ്പറാധാരം തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടുപോയിട്ടുള്ളതാകുന്നു. ആയതുകൊണ്ട് ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി ഉപയോഗപ്പെടുത്തി മേൽപറഞ്ഞ വകകൾ ക്രയവിക്രയം ചെയ്യുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ, ബാദ്ധ്യതയോ, പരാതിയോഉണ്ടെങ്കിൽ പരസ്യതിയതി മുതൽ 7 ഏഴുദിവസങ്ങൾക്കകമായി എന്നെ അറിയിക്കേണ്ടതാകുന്നു.
മറ്റത്തൂർ 20-06-2026 എന്ന്, എൽസി, ആരോത (H) ചുങ്കാൽ, മറ്റത്തൂർ P.O 680684

ഇരിങ്ങാലക്കുട 1st സബ്ജ് കോടതി മുമ്പാകെ 2026 ൽ EP 45 & EA 1/26 OS 189/07
പ്രമാണകർത്താവ് S/o മണക്